Draft #4 of File 32863/AC B7/1/2019/AC B 7 Approved by ASSISTANT REGISTRAR IV (ACADEMIC) on 05-Jun-2020 03:42 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്, കളമശേരി- ബി.കോം മോഡൽ I (ഫിനാൻസ് & ടാക്സേഷൻ) പ്രോഗ്രാമിന്റെ അധിക ബാച്ച് ആരംഭിക്കുന്നത് - അന്വേഷണ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 2020 അക്കാദമിക വർഷം മുതൽ ബി.കോം മോഡൽ I (ഫിനാൻസ് & ടാക്സേഷൻ) പ്രോഗ്രാമിന്റെ അധിക ബാച്ച് 40 സീറ്റ് എണ്ണത്തോടെ ആരംഭിക്കുവാൻ കോളേജിന് അനുമതി നൽകികൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് ബി 7 സെക്ഷൻ**

നമ്പർ. 2399/AC B 7/2020/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 09.06.2020

---

*പരാമർശം:*-1.കളമശേരി രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ് പ്രിൻസിപ്പൽ സമർപ്പിച്ച 29.08.2019-ലെ RCSS/352/B.Com/2019 നമ്പർ കത്ത്

2.സ.ഉ.നം.2004/AC B 7/2020/എം.ജി.യു തീയതി 09.05.2020

3.26.05.2020-ൽ ചേർന്ന സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് ഇനം നം. 216/20.02/200133 OA1(3)

**ഉത്തരവ്**

സ്വയംഭരണ കോളേജായ കളമശ്ശേരി രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ് 2020-21 അക്കാദമിക വർഷം മുതൽ ബി.കോം മോഡൽ I (ഫിനാൻസ് & ടാക്സേഷൻ) (അൺഎയ്ഡഡ്) പ്രോഗ്രാമിൻറെ പുതിയ ബാച്ചിന് അനുമതിയ്ക്കായി സൂചന (1) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

ഈ കോളേജിൽ ബി കോം മോഡൽ I ( ഫിനാൻസ് &ടാക്സേഷൻ) ന്റെ 40 സീറ്റുള്ള ഒരു സ്വാശ്രയ ബാച്ച് നിലവിൽ ഉണ്ട്. 40 സീറ്റുള്ള പുതിയ ബാച്ചിനാണ് സർവകലാശാലയുടെ നിശ്ചിത വ്യവസ്ഥകൾ പാലിച്ച് കോളേജ് അപേക്ഷ സമർപ്പിച്ചിരിക്കുന്നത്.

കളമശേരി രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ് പ്രിൻസിപ്പൽ സമർപ്പിച്ച അപേക്ഷ 13.03.2020-ൽ ചേർന്ന സിൻഡിക്കേറ്റ് ഉപസമിതി (അഫിലിയേഷൻ) യോഗം പരിഗണിക്കുകയും ബി കോം മോഡൽ I ( ഫിനാൻസ് &ടാക്സേഷൻ) - പുതിയ ബാച്ച് 2020-21 അക്കാദമിക വർഷം മുതൽ ആരംഭിക്കുന്നതിനായി പഠന ഭൗതിക സാഹചര്യങ്ങൾ ക്രമീകരിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിന് അഡ്വ .പി.കെ.ഹരികുമാർ(സിൻഡിക്കേറ്റ്അംഗം),ശ്രീ.അനീഷ്തോമസ്, അസി.പ്രൊഫ. കൊമേഴ്സ് ഡിപ്പാർട്മെൻറ് ,ദേവമാതാ കോളേജ് ,കുറവിലങ്ങാട് (വിഷയ വിദഗ്ദൻ )എന്നിവരെ അന്വേഷണ കമ്മീഷനായി നിയമിക്കുവാൻ ശിപാർശചെയ്യുത് ബഹു. വൈസ് ചാൻസിലർ

അംഗീകരിക്കുകയുംചെയ്തതിൻപ്രകാരം  പരാമർശം (2) ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു..

ഇപ്രകാരം നിയമിതമായ അന്വേഷണ കമ്മീഷൻ 16.05.2020-ൽ കളമശേരി രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ് സന്ദർശിച്ച് ഭൗതിക പഠന സൗകര്യങ്ങൾ പരിശോധിച്ച് സമർപ്പിച്ച റിപ്പോർട്ട് പരാമർശം (3) പ്രകാരം ചേർന്ന സിൻഡിക്കേറ്റ് യോഗം പരിഗണിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ 2020 അക്കാദമിക വർഷം മുതൽ ബി.കോം മോഡൽ I (ഫിനാൻസ് & ടാക്സേഷൻ) (അൺഎയ്ഡഡ്) പ്രോഗ്രാമിന്റെ അധിക ബാച്ച് 40 സീറ്റ് എണ്ണത്തോടെ ആരംഭിക്കുവാൻ കോളേജിന് അനുമതി നൽകാൻ തീരുമാനിക്കുകയും ചെയ്തു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

സുരേഷ്ബാബു കെ

അസിസ്റ്റന്റ് രജിസ്ട്രാർ 4 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1.വൈസ് ചാൻസലർ, പ്രൊ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
2.രജിസ്ട്രാർ, ഫിനാൻസ് ഓഫീസർ, പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എ.മാർ
3 .പ്രിൻസിപ്പൽ ,രാജഗിരി കോളേജ് ഓഫ് സോഷ്യൽസയൻസസ്
കളമശ്ശേരി .
4.ജോയിൻറ് രജിസ്ട്രാർ II (ഭരണവിഭാഗം)
5.ഡെപ്യൂട്ടി രജിസ്ട്രാർ II(അക്കാദമിക്)
6.അസിസ്റ്റൻറ് രജിസ്ട്രാർ IV/അസിസ്റ്റൻറ് രജിസ്ട്രാർ (പരീക്ഷ 22)
7.ഏസി.സി. സെക്ഷൻ
8.പി.ആർ.ഒ/ കണ്ടൻറ് മാനേജ്മെൻറ് സെക്ഷൻ / ഐ.ക്യു.എ.സി.
9.ഇ.ഐ.36 സെക്ഷൻ / ഇ.ഐ.38 സെക്ഷൻ/ഇ.ഐ.39

Draft #4 of File 32863/AC B7/1/2019/AC B 7 Approved by ASSISTANT REGISTRAR IV (ACADEMIC) on 05-Jun-2020 03:42 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം